# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

തിരുവനന്തപുരം

നമ്പർ.329/ആർ 1/2020/കെ.ഡി.ആർ.ബി തീയതി. 16.12.2020

## <u>വിജ്ഞാപനം</u>

**വിജ്ഞാപന തീയതി**
16.12.2020

**അവസാന തീയതി**
**18.01.2021**

ഗുരുവായൂർ ദേവസ്വത്തിൽ **മെഡിക്കൽ സൂപ്രണ്ട്** തസ്തികയിൽ നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| 1. | കാറ്റഗറി നമ്പരും വർഷവും | **39/2020** |
| 2. | തസ്തികയുടെ പേര് | **മെഡിക്കൽ സൂപ്രണ്ട് (ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെന്റർ)** |
| 3. | ദേവസ്വം ബോർഡിന്റെ പേര് | **ഗുരുവായൂർ ദേവസ്വം** |
| 4. | ശമ്പള സ്കെയിൽ | **68700-110400 രൂപ** |
| 5. | യോഗ്യതകൾ | 1. എം.ബി.ബി.എസ്<br>2. സർക്കാർ മേഖലയിലോ അല്ലെങ്കിൽ സ്വകാര്യമേഖലയിലെ കുറഞ്ഞത് 200 കിടക്കകളുള്ള ആശുപത്രിയിലെയോ അഞ്ചു വർഷത്തിൽ കുറയാത്ത സേവനപരിചയം.<br>3. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ നിലവിലുള്ള സ്ഥിരം രജിസ്ട്രേഷൻ. |
| 6. | ഒഴിവുകളുടെ എണ്ണം<br>കുറിപ്പ് :1 | 1 (ഒന്ന്)<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും |

| | | |
|---|---|---|
| | | നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുമ്പോൾ എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| 7. | നിയമന രീതി | നേരിട്ടുള്ള നിയമനം |
| 8. | പ്രായ പരിധി | **25 - 40 ഉദ്യോഗാർത്ഥികൾ 01.01.1995 നും 02.01.1980 നും** ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവ് ലഭിക്കുന്നതാണ്. **(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)** |
| 9. | അപേക്ഷ ഫീസ് - തുകയും അടയ്ക്കേണ്ട രീതിയും | രൂപ 1000/- (ആയിരം രൂപ മാത്രം) പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് രൂപ.750/- (എഴുന്നൂറ്റി അമ്പതു രൂപ മാത്രം) കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്. |
| 10 | മറ്റ് വിവരങ്ങൾ | 1. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെന്ററിൽ താല്ക്കാലികമായി/ ദിവസ വേതനാടിസ്ഥാനത്തിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളപക്ഷം അവർ പ്രസ്തുത നിയമന കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരാണെങ്കിൽ അവരുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായ പരിധിയിൽ ഇളവ് ലഭിക്കുന്നതാണ് .<br>2. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ വരാൻ യോഗ്യത നേടുന്ന (കട്ട് ഓഫ് മാർക്കും അതിനു മുകളിലും മാർക്ക് ലഭിച്ചിട്ടുള്ള) |

| | | |
|---|---|---|
| | | ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെന്ററിൽ ഇതേ തസ്തികയിൽ താല്ക്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുളളവരോ ആയ ജീവനക്കാർക്ക്, അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താല്ക്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച ഓരോ മൂന്നു വർഷത്തിനും ഒരു മാർക്ക് എന്ന കണക്കിൽ പരമാവധി 5 മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്.<br><br>3. എഴുത്തു പരീക്ഷ ഇല്ലാതെ അഭിമുഖത്തിന്റെ മാത്രം അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്ന ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെന്ററിൽ ഇതേ തസ്തികയിൽ താല്ക്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ, ചെയ്തിട്ടുളളവരോ ആയ ജീവനക്കാർക്ക്, അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താല്ക്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച ആദ്യത്തെ മൂന്നു വർഷത്തിന് അര (1/2) മാർക്കും തുടർന്നുളള ഓരോ വർഷത്തിനും 0.16 മാർക്കും എന്ന കണക്കിൽ പരമാവധി രണ്ടര (2 1/2) മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്.<br><br>മുകളിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തണമെന്നാഗ്രഹിക്കുന്ന താല്ക്കാലിക / ദിവസ വേതന ജീവനക്കാർ അവർ **സർവ്വീസിൽ പ്രവേശിച്ച തീയതി, ജോലി ചെയ്യുന്ന തസ്തിക, ശമ്പളം, സർവ്വീസിന്റെ ദൈർഘ്യം, ജോലിയുടെ സ്വഭാവം തുടങ്ങിയവ വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്ററിൽ കുറയാത്ത റാങ്കുളള അധികാരിയിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.** താല്ക്കാലിക ജീവനക്കാർ അവരുടെ സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിലും രേഖപ്പെടുത്തേണ്ടതാണ്.<br><br>4. ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിൽപ്പെട്ട |

| | | |
|---|---|---|
| | | സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് (Economically Weaker Sections of Hindu Unreserved Communities) 10% സംവരണം നൽകുന്നതാണ്. 18.11.2019 ലെ G.O(P)79/2019/RD പ്രകാരം ഇതിനർഹരായിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയത് അപേക്ഷയിൽ അവകാശപ്പെടുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ തങ്ങൾ ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണെന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുകയും വേണം. ഇപ്രകാരം ചെയ്യാത്തവർക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നതല്ല.<br>**ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഉദ്യോഗാർത്ഥികൾ ആരാണെന്ന് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.**<br><br>(1) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരിലേയോ, പൊതുമേഖലാ സ്ഥാപനങ്ങളിലേയോ, സഹകരണ മേഖലയിലേയോ, സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയോ, കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായമോ, ഗ്രാന്റോ ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയോ റഗുലർ ജീവനക്കാരൻ ഉണ്ടായിരിക്കരുത്. എന്നാൽ ഈ വ്യവസ്ഥ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പാർട്ട് ടൈം ജീവനക്കാർക്കോ താത്ക്കാലിക ജീവനക്കാർക്കോ ബാധകമല്ല.<br>(2) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ ആദായ നികുതി നൽകുന്ന ഒരംഗവും ഉണ്ടായിരിക്കരുത്.<br>(3) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന് ഒരേക്കറിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കരുത്.<br><br>(4) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന്റെ മാസവരുമാനം എല്ലാ വിധ |

| | | |
|---|---|---|
| | | സ്രോതസ്സിൽ നിന്നുമായി 25,000/- രൂപയിൽ കവിയരുത്.<br><br>**ഉദ്യോഗാർത്ഥിയുടെ കുടുംബം എന്നാൽ സംവരണം ആവശ്യപ്പെടുന്ന ആൾ, അയാളുടെ മാതാപിതാക്കൾ (Parents), അയാളുടെ ഭാര്യ/ഭർത്താവ്, 18 വയസ്സ പൂർത്തിയാകാത്ത മക്കൾ/സഹോദരങ്ങൾ എന്നിവർ ഉൾപ്പെട്ടതാണ്.**<br><br>വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിൽ വില്ലേജ് ഓഫീസറുടെ പേരും, ഒപ്പും, പെൻനമ്പരും തീയതിയും ഓഫീസ് സീലും ഉണ്ടായിരിക്കണം. |
| 11. | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിന്റെ ഹോം പേജിലുള്ള "APPLY ONLINE"എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾകൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ വരുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡിന് മുൻപാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം |

| | | |
|---|---|---|
| | | വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് അവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അപേക്ഷഫീസ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി ആയോ മണി ഓർഡറായോ ചെലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ അപേക്ഷഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച അപേക്ഷഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |
| 12. | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **18.01.2021** അർദ്ധരാത്രി 12 മണി വരെ |
| 13. | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | **www.kdrb.kerala.gov.in** |

**ഫോട്ടോ, ഐ.ഡി കാർഡ്, വയസ്സിളവ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II -ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**

**പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 3, 4, 5 ഇവ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

തിരുവനന്തപുരം

നമ്പർ.329/ആർ 1/2020/കെ.ഡി.ആർ.ബി    തീയതി. 16.12.2020

## വിജ്ഞാപനം

**വിജ്ഞാപന തീയതി**
16.12.2020

**അവസാന തീയതി**
**18.01.2021**

ഗുരുവായൂർ ദേവസ്വം ബോർഡിൽ **അസിസ്റ്റന്റ് എൻജിനീയർ (സിവിൽ)** തസ്തികയിൽ നിലവിലുള്ള (രണ്ട് ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| 1. | കാറ്റഗറി നമ്പരും വർഷവും | **40/2020** |
| 2. | തസ്തികയുടെ പേര് | **അസിസ്റ്റന്റ് എൻജിനീയർ (സിവിൽ)** |
| 3. | ദേവസ്വം ബോർഡിന്റെ പേര് | **ഗുരുവായൂർ ദേവസ്വം** |
| 4. | ശമ്പള സ്കെയിൽ | **39500-83000 രൂപ** |
| 5. | യോഗ്യതകൾ | ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും സിവിൽ എൻജിനിയറിംഗിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത |
| 6. | ഒഴിവുകളുടെ എണ്ണം<br>കുറിപ്പ് :1 | 2 (രണ്ട്)<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന |

| | | |
|---|---|---|
| | | പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുമ്പോൾ എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| 7. | നിയമന രീതി | നേരിട്ടുള്ള നിയമനം |
| 8. | പ്രായ പരിധി | **25 - 36 ഉദ്യോഗാർത്ഥികൾ 01.01.1995 നും 02.01.1984 നും** ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവ് ലഭിക്കുന്നതാണ്. **(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)** |
| 9. | അപേക്ഷ ഫീസ് - തുകയും അടയ്ക്കേണ്ട രീതിയും | രൂപ 500/- (അഞ്ഞൂറ് രൂപ മാത്രം) പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് രൂപ.250/- (ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്. |
| 10 | മറ്റ് വിവരങ്ങൾ | 1. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഗുരുവായൂർ ദേവസ്വത്തിൽ താല്ക്കാലികമായി/ ദിവസ വേതനാടിസ്ഥാനത്തിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളപക്ഷം അവർ പ്രസ്തുത നിയമന കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരാണെങ്കിൽ അവരുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായ പരിധിയിൽ ഇളവ് ലഭിക്കുന്നതാണ് .<br>2. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ വരാൻ യോഗ്യത നേടുന്ന (കട്ട് ഓഫ് മാർക്കും അതിനു മുകളിലും മാർക്ക് ലഭിച്ചിട്ടുള്ള) ഗുരുവായൂർ ദേവസ്വത്തിൽ ഇതേ തസ്തികയിൽ താല്ക്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക്, അവർ മറ്റ് വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താല്ക്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച |

| | | |
|---|---|---|
| | | ഓരോ മൂന്നു വർഷത്തിനും ഒരു മാർക്ക് എന്ന കണക്കിൽ പരമാവധി 5 മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്.<br><br>3. എഴുത്തു പരീക്ഷ ഇല്ലാതെ അഭിമുഖത്തിന്റെ മാത്രം അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്ന ഗുരുവായൂർ ദേവസ്വത്തിൽ ഇതേ തസ്തികയിൽ താല്ക്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ, ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക്, അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താല്ക്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച ആദ്യത്തെ മൂന്നു വർഷത്തിന് അര (1/2) മാർക്കും തുടർന്നുള്ള ഓരോ വർഷത്തിനും 0.16 മാർക്കും എന്ന കണക്കിൽ പരമാവധി രണ്ടര (2 1/2) മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്.<br><br>മുകളിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തണമെന്നാഗ്രഹിക്കുന്ന താല്ക്കാലിക / ദിവസ വേതന ജീവനക്കാർ അവർ **<u>സർവ്വീസിൽ പ്രവേശിച്ച തീയതി, ജോലി ചെയ്യുന്ന തസ്തിക, ശമ്പളം, സർവ്വീസിന്റെ ദൈർഘ്യം, ജോലിയുടെ സ്വഭാവം തുടങ്ങിയവ വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്ററിൽ കുറയാത്ത റാങ്കുള്ള അധികാരിയിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.</u>** താല്ക്കാലിക ജീവനക്കാർ അവരുടെ സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിലും രേഖപ്പെടുത്തേണ്ടതാണ്.<br><br>4. ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് (Economically Weaker Sections of Hindu Unreserved Communities) 10% സംവരണം നൽകുന്നതാണ്. 18.11.2019 ലെ G.O(P)79/2019/RD പ്രകാരം ഇതിനർഹരായിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയത് അപേക്ഷയിൽ അവകാശപ്പെടുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് |

ബോർഡ് ആവശ്യപ്പെടുമ്പോൾ തങ്ങൾ ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണെന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുകയും വേണം. ഇപ്രകാരം ചെയ്യാത്തവർക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നതല്ല.

**ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഉദ്യോഗാർത്ഥികൾ ആരാണെന്ന് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.**

(1) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരിലേയോ, പൊതുമേഖലാ സ്ഥാപനങ്ങളിലേയോ, സഹകരണ മേഖലയിലേയോ, സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയോ, കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായമോ, ഗ്രാന്റോ ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയോ റഗുലർ ജീവനക്കാരൻ ഉണ്ടായിരിക്കരുത്. എന്നാൽ ഈ വ്യവസ്ഥ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പാർട്ട് ടൈം ജീവനക്കാർക്കോ താത്ക്കാലിക ജീവനക്കാർക്കോ ബാധകമല്ല.

(2) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ ആദായ നികുതി നൽകുന്ന ഒരംഗവും ഉണ്ടായിരിക്കരുത്.

(3) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന് ഒരേക്കറിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കരുത്.

(4) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന്റെ മാസവരുമാനം എല്ലാ വിധ സ്രോതസ്സിൽ നിന്നുമായി 25,000/- രൂപയിൽ കവിയരുത്.

**ഉദ്യോഗാർത്ഥിയുടെ കുടുംബം എന്നാൽ സംവരണം ആവശ്യപ്പെടുന്ന ആൾ, അയാളുടെ മാതാപിതാക്കൾ (Parents), അയാളുടെ ഭാര്യ/ഭർത്താവ്, 18 വയസ്സ് പൂർത്തിയാകാത്ത**

| | | |
|---|---|---|
| | | **മക്കൾ/സഹോദരങ്ങൾ എന്നിവർ ഉൾപ്പെട്ടതാണ്.**<br><br>വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിൽ വില്ലേജ് ഓഫീസറുടെ പേരും, ഒപ്പും, പെൻനമ്പരും തീയതിയും ഓഫീസ് സീലും ഉണ്ടായിരിക്കണം. |
| 11. | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിന്റെ ഹോം പേജിലുള്ള "APPLY ONLINE"എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾകൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡിന് മുൻപാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് അവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, |

| | | |
|---|---|---|
| | | വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അപേക്ഷഫീസ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി ആയോ മണി ഓർഡറായോ ചെലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ അപേക്ഷഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച അപേക്ഷഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |
| 12. | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **18.01.2021** അർദ്ധരാത്രി 12 മണി വരെ |
| 13. | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | **www.kdrb.kerala.gov.in** |

**ഫോട്ടോ, ഐ.ഡി കാർഡ്, വയസ്സിളവ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II -ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**

**പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 3, 4, 5 ( വിമുക്ത ഭടൻമാർ, ഭിന്നശേഷിക്കാർ, കായികതാരങ്ങൾ, ഇവർക്കുള്ള ആനുകൂല്യങ്ങൾ ) ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

തിരുവനന്തപുരം

നമ്പർ.329/ആർ 1/2020/കെ.ഡി.ആർ.ബി    തീയതി. 16.12.2020

**പാർട്ട് - I – നേരിട്ടുള്ള നിയമനം വഴി**

**<u>വിജ്ഞാപനം</u>**

**വിജ്ഞാപന തീയതി**
**16.12.2020**

**അവസാന തീയതി**
**18.01.2021**

മലബാർ ദേവസ്വത്തിൽ **ക്ലർക്ക്** തസ്തികയിൽ നിലവിലുള്ള (പത്ത്) ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| 1. | കാറ്റഗറി നമ്പരും വർഷവും | **41/2020** |
| 2. | തസ്തികയുടെ പേര് | **ക്ലർക്ക്** |
| 3. | ദേവസ്വം ബോർഡിന്റെ പേര് | **മലബാർ ദേവസ്വം ബോർഡ്** |
| 4. | ശമ്പള സ്കെയിൽ | **19000-43600 രൂപ** |
| 5. | യോഗ്യതകൾ | 1. പ്ലസ് ടു പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത<br>2. ഡി.സി.എ അല്ലെങ്കിൽ തത്തുല്യ യോഗ്യത |
| 6. | ഒഴിവുകളുടെ എണ്ണം<br>കുറിപ്പ് :1 | 10 (പത്ത്)<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന |

| | | |
|---|---|---|
| | | പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുമ്പോൾ എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| 7. | നിയമന രീതി | നേരിട്ടുള്ള നിയമനം |
| 8. | പ്രായ പരിധി | **18 - 35 ഉദ്യോഗാർത്ഥികൾ 01.01.2002 നും 02.01.1985 നും** ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവ് ലഭിക്കുന്നതാണ്. **(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക )** |
| 9. | അപേക്ഷ ഫീസ് - തുകയും അടയ്ക്കേണ്ട രീതിയും | രൂപ 300/- (മുന്നൂറ് രൂപ മാത്രം) പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് രൂപ 200/- (ഇരുന്നൂറ് രൂപ മാത്രം) കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്. |
| 10 | മറ്റ് വിവരങ്ങൾ | 1. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി മലബാർ ദേവസ്വം ബോർഡിൽ താല്ക്കാലികമായി/ ദിവസ വേതനാടിസ്ഥാനത്തിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക് ഒരു വർഷത്തിൽ കുറയാത്ത സർവ്വീസ് ഉള്ളപക്ഷം അവർ പ്രസ്തുത നിയമന കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിട്ടില്ലാത്തവരാണെങ്കിൽ അവരുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായ പരിധിയിൽ ഇളവ് ലഭിക്കുന്നതാണ് .<br>2. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ വരാൻ യോഗ്യത നേടുന്ന (കട്ട് ഓഫ് മാർക്കും അതിനു മുകളിലും മാർക്ക് ലഭിച്ചിട്ടുള്ള) മലബാർ ദേവസ്വം ബോർഡിൽ ഇതേ തസ്തികയിൽ താല്ക്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക്, അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താല്ക്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച |

| | | |
|---|---|---|
| | | ഓരോ മൂന്നു വർഷത്തിനും ഒരു മാർക്ക് എന്ന കണക്കിൽ പരമാവധി 5 മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്.<br><br>3. എഴുത്തു പരീക്ഷ ഇല്ലാതെ അഭിമുഖത്തിന്റെ മാത്രം അടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്ന മലബാർ ദേവസ്വം ബോർഡിൽ ഇതേ തസ്തികയിൽ താല്ക്കാലിക/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരോ, ചെയ്തിട്ടുള്ളവരോ ആയ ജീവനക്കാർക്ക്, അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ താല്ക്കാലിക സേവന കാലഘട്ടം കണക്കാക്കി പൂർത്തീകരിച്ച ആദ്യത്തെ മൂന്നു വർഷത്തിന് അര (1/2) മാർക്കും തുടർന്നുള്ള ഓരോ വർഷത്തിനും 0.16 മാർക്കും എന്ന കണക്കിൽ പരമാവധി രണ്ടര (2 1/2) മാർക്ക് വരെ ഗ്രേയ്സ് മാർക്ക് നൽകുന്നതാണ്.<br><br>മുകളിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തണമെന്നാഗ്രഹിക്കുന്ന താല്ക്കാലിക / ദിവസ വേതന ജീവനക്കാർ അവർ **<u>സർവ്വീസിൽ പ്രവേശിച്ച തീയതി, ജോലി ചെയ്യുന്ന തസ്തിക, ശമ്പളം, സർവ്വീസിന്റെ ദൈർഘ്യം, ജോലിയുടെ സ്വഭാവം തുടങ്ങിയവ വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറിൽ കുറയാത്ത റാങ്കുള്ള അധികാരിയിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.</u>** താല്ക്കാലിക ജീവനക്കാർ അവരുടെ സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ അപേക്ഷയിലും രേഖപ്പെടുത്തേണ്ടതാണ്.<br><br>4. 31.10.2019 ലെ ജി.ഒ.(പി)നമ്പർ 12/2019/സ.നി.വയിലേയും മറ്റ് അനുബന്ധ ഉത്തരവുകളിലേയും നിർദ്ദേശങ്ങൾക്ക് അനുസരണമായ ആനുകൂല്യങ്ങൾ ഭിന്നശേഷിക്കാർക്ക് നൽകുന്നതാണ്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് നിലവിലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി വയസ്സിളവിനും അർഹത ഉണ്ടായിരിക്കുന്നതാണ്. |

| | | |
|---|---|---|
| | | 5. ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് (Economically Weaker Sections of Hindu Unreserved Communities) 10% സംവരണം നൽകുന്നതാണ്. 18.11.2019 ലെ G.O(P)79/2019/RD പ്രകാരം ഇതിനർഹരായിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയത് അപേക്ഷയിൽ അവകാശപ്പെടുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ തങ്ങൾ ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണെന്ന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുകയും വേണം. ഇപ്രകാരം ചെയ്യാത്തവർക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നതല്ല.<br>**ഹിന്ദു മതത്തിലെ സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ഉദ്യോഗാർത്ഥികൾ ആരാണെന്ന് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്.**<br><br>(1) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരിലേയോ, പൊതുമേഖലാ സ്ഥാപനങ്ങളിലേയോ, സഹകരണ മേഖലയിലേയോ, സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയോ, കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായമോ, ഗ്രാന്റോ ലഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയോ റഗുലർ ജീവനക്കാരൻ ഉണ്ടായിരിക്കരുത്. എന്നാൽ ഈ വ്യവസ്ഥ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പാർട്ട് ടൈം ജീവനക്കാർക്കോ താത്ക്കാലിക ജീവനക്കാർക്കോ ബാധകമല്ല.<br>(2) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ ആദായ നികുതി നൽകുന്ന ഒരംഗവും ഉണ്ടായിരിക്കരുത്.<br>(3) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന് ഒരേക്കറിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കരുത്. |

| | | |
|---|---|---|
| | | (4) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന്റെ മാസവരുമാനം എല്ലാ വിധ സ്രോതസ്സിൽ നിന്നുമായി 25,000/- രൂപയിൽ കവിയരുത്.<br><br>**ഉദ്യോഗാർത്ഥിയുടെ കുടുംബം എന്നാൽ സംവരണം ആവശ്യപ്പെടുന്ന ആൾ, അയാളുടെ മാതാപിതാക്കൾ (Parents), അയാളുടെ ഭാര്യ/ഭർത്താവ്, 18 വയസ്സ് പൂർത്തിയാകാത്ത മക്കൾ/സഹോദരങ്ങൾ എന്നിവർ ഉൾപ്പെട്ടതാണ്.**<br><br>വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റിൽ വില്ലേജ് ഓഫീസറുടെ പേരും, ഒപ്പും, പെൻനമ്പരും തീയതിയും ഓഫീസ് സീലും ഉണ്ടായിരിക്കണം. |
| 11. | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിന്റെ ഹോം പേജിലുള്ള "APPLY ONLINE"എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾകൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡിന് മുൻപാകെ |

| | | |
|---|---|---|
| | | ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ താല്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് അവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അപേക്ഷഫീസ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി ആയോ മണി ഓർഡറായോ ചെലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ അപേക്ഷഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച അപേക്ഷഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |
| 12. | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **18.01.2021** അർദ്ധരാത്രി 12 മണി വരെ |
| 13. | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | **www.kdrb.kerala.gov.in** |

**ഫോട്ടോ, ഐ.ഡി കാർഡ്, വയസ്സിളവ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II -ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

## പാർട്ട് II – തസ്തികമാറ്റം വഴി

തിരുവനന്തപുരം

നമ്പർ.329/ആർ.1/കെ.ഡി.ആർ.ബി/2020 — തീയതി. 16.12.2020

**വിജ്ഞാപന തീയതി**
**16.12.2020**

**അവസാന തീയതി**
**18.01.2021**

മലബാർ ദേവസ്വം ബോർഡിൽ **ക്ലർക്ക്** തസ്തികയിൽ തസ്തിക മാറ്റം വഴി നിയമനത്തിനായി മലബാർ ദേവസ്വം ബോർഡിൽ പത്തു വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ താഴ്ന്ന ശമ്പളമുള്ള സ്ഥിരം ക്ഷേത്ര ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| 1. | കാറ്റഗറി നമ്പരും വർഷവും | **42/2020** |
| 2. | തസ്തികയുടെ പേര് | **ക്ലർക്ക് (മലബാർ ദേവസ്വം ബോർഡിൽ പത്ത് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ താഴ്ന്ന ശമ്പളമുള്ള സ്ഥിരം ക്ഷേത്ര ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി മാത്രം)** |
| 3. | ദേവസ്വം ബോർഡിന്റെ പേര് | **മലബാർ ദേവസ്വം ബോർഡ്** |
| 4. | ശമ്പള സ്കെയിൽ | **രൂപ 19000-43600** |
| 5. | യോഗ്യതകൾ | 1. പ്ലസ് ടു പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത<br>2. ഡി.സി.എ അല്ലെങ്കിൽ തത്തുല്യ യോഗ്യത<br>3. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ 10 വർഷത്തെ സ്ഥിരം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം.<br>കുറിപ്പ് - സർവ്വീസ് തെളിയിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് കെ.ഡി.ആർ.ബി ആവശ്യപ്പെടുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്. സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക ഇതിനോടൊപ്പം ചേർത്തിരിക്കുന്നു. |

| | | |
|---|---|---|
| | | |
| 6 | ഒഴിവുകളുടെ എണ്ണം | 5 (അഞ്ച്)<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്.<br>ഈ തസ്തികയിലേയ്ക്ക് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിയ്ക്കുന്ന കാലയളവിൽ എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് 2:1 എന്ന അനുപാത പ്രകാരം നേരിട്ടുള്ള നിയമനം വഴിയും തസ്തിക മാറ്റം വഴിയും നിയമനം നടത്തുന്നതാണ്. എന്നാൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടം മൂന്നിൽ പറഞ്ഞിരിയ്ക്കുന്ന സംവരണ വ്യവസ്ഥ ഈ തെരഞ്ഞെടുപ്പിനു ബാധകമല്ല. തസ്തിക മാറ്റം വഴിയുള്ള റാങ്കു ലിസ്റ്റിൽ നിശ്ചിത ശതമാനം മാർക്കു ലഭിച്ച ഉദ്യോഗാർത്ഥികൾ ലഭ്യമല്ലായെങ്കിൽ പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി തയ്യാറാക്കിയ റാങ്കു ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. |
| 7. | നിയമന രീതി | **മലബാർ ദേവസ്വം ബോർഡിൽ പത്ത് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ താഴ്ന്ന ശമ്പളമുള്ള സ്ഥിരം ക്ഷേത്രജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം.** |
| 8. | പ്രായ പരിധി | പരമാവധി 50 വയസ്സ്<br>02.01.1970 നോ അതിനു ശേഷമോ ജനിച്ചവരായിരിക്കണം |
| 9. | അപേക്ഷ ഫീസ് -<br>തുകയും അടയ്ക്കേണ്ട രീതിയും | രൂപ 300/-( മുന്നൂറ് രൂപ മാത്രം)<br>(കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്.) |
| 10. | മറ്റ് വിവരങ്ങൾ | 1) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അമ്പത്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി മലബാർ ദേവസ്വം ബോർഡിൽ 19000-43600 എന്ന ശമ്പള സ്കെയിന് താഴെ ശമ്പളം വാങ്ങുന്നവരും പത്ത് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയവരുമായ സ്ഥിരം ക്ഷേത്രജീവനക്കാരുടെ ഗണത്തിൽപ്പെടുന്നവർക്കു മാത്രമേ ഈ വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിയ്ക്കുവാൻ അർഹതയുള്ളൂ. **അപേക്ഷകർ മലബാർ ദേവസ്വം ബോർഡിൽ പത്ത് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ താഴ്ന്ന ശമ്പളമുള്ള സ്ഥിരം** |

| | | |
|---|---|---|
| | | **ക്ഷേത്രജീവനക്കാരൻ / ജീവനക്കാരി ആയിരിയ്ക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മറ്റു തരത്തിലോ താല്ക്കാലികമായോ, ദിവസ വേതനത്തിലോ ജോലി ചെയ്യുന്നവർ ഈ തസ്തികയ്ക്ക് അപേക്ഷിയ്ക്കുവാൻ അർഹരല്ല.**<br><br>2) ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ, മറ്റുള്ള സംവരണാനുകൂല്യങ്ങൾ, എന്നിവയൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.<br><br>3) നേരിട്ടുള്ള നിയമനത്തിനും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനുമായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഒരു ഒ.എം.ആർ പരീക്ഷ നടത്തുന്നതാണ്. ഇതിൽ ലഭിയ്ക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള നിയമനത്തിനും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനും പ്രത്യേകം പ്രത്യേകം റാങ്കു ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഒ.എം.ആർ പരീക്ഷയിൽ 40% മാർക്കു നേടുന്നവർക്കു മാത്രമേ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി തയ്യാറാക്കുന്ന റാങ്കു ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ളൂ. തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി തയ്യാറാക്കിയ റാങ്കു ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് റാങ്കു ലിസ്റ്റിന്റെ കാലാവധിയ്ക്കുള്ളിൽ നിയമനം ലഭിച്ചിട്ടില്ല എങ്കിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഇതേ തസ്തികയിലേയ്ക്ക് പിന്നീടു നടത്തുന്ന എഴുത്തു പരീക്ഷയിലൂടെ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി തയ്യാറാക്കുന്ന പുതിയ റാങ്കു ലിസ്റ്റിന്റെ ആദ്യം ഇവരെ ഉൾപ്പെടുത്തുന്നതും ഒഴിവുകൾ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതുമാണ്.<br><br>4) നേരിട്ടുള്ള നിയമനത്തിന് അപേക്ഷ സമർപ്പിയ്ക്കുവാൻ മറ്റു തരത്തിൽ യോഗ്യരായിട്ടുള്ളവർക്ക് നേരിട്ടും തസ്തിക മാറ്റം വഴിയും അപേക്ഷിയ്ക്കാവുന്നതാണ്. ഇവർ ഓരോ കാറ്റഗറിയിലേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിയ്ക്കേണ്ടതാണ്. നേരിട്ടും തസ്തികമാറ്റം വഴിയുമുള്ള രണ്ടു വിഭാഗങ്ങളിലേയും റാങ്കു ലിസ്റ്റിൽ |

| | | |
|---|---|---|
| | | ഉൾപ്പെടുകയും ഏതെങ്കിലും ഒരു വിഭാഗത്തിലെ റാങ്ക് ലിസ്റ്റിൽ നിന്നും ആദ്യം നിയമനത്തിനായി ശിപാർശ ചെയ്യപ്പെടുകയുമാണെങ്കിൽ അവരെ മറ്റേ വിഭാഗത്തിലെ റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്.<br><br>5) തസ്തിക മാറ്റം വഴി അപേക്ഷ സമർപ്പിയ്ക്കുന്ന ജീവനക്കാർ അവർ ജോലി ചെയ്യുന്ന തസ്തിക പ്രൊബേഷൻ പൂർത്തിയാക്കിയ തീയതി, സേവന ദൈർഘ്യം തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് വകുപ്പ് മേധാവിയിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു. |
